# വിഭാതം

എട്ടാം തരം സംസ്കൃതപാഠപുസ്തകത്തിലെ ഒന്നാം പാഠം

**കവിഹൃദയപ്രകാശിനീ വ്യാഖ്യാനസഹിതം**

**(2015 ൽ എട്ടാംതരത്തിലെ പുതിയ സംസ്കൃതപാഠപുസ്തകം പ്രസിദ്ധീകരിച്ചതിനുപിന്നാലെ, വിഭാതം എന്ന ഒന്നാമത്തെ കവിതയ്ക്ക് കവിത്വമില്ല (കവിക്ക് കവിത്വമില്ലെന്നായിരുന്നു പറയേണ്ടിയിരുന്നത്) എന്ന പേരിൽ മാതൃഭൂമി ന്യൂസ് ചാനലിൽ വാർത്തവന്നപ്പോൾ തയ്യാറാക്കിയത്)**

## ഹരിപ്രസാദ് കടമ്പൂര്

**മന്ദം മന്ദം ഗച്ഛതി രജനീ**
**താരാഗണസഹിതാ**
**അഭ്യാഗച്ഛതി സൂര്യസ്താപിത-**
**കനകാരുണകിരണഃ**

രാത്രി മെല്ലെ മെല്ലെ പോകുന്നു
താരാഗണങ്ങളോടൊപ്പം
തീയിലിട്ടു പതപ്പിച്ച സ്വർണം പോലെയുള്ള സുവർണ-
കിരണവുമായി സൂര്യൻ അഭിമുഖമായി വരുന്നു

**മന്ദം മന്ദം** - എന്ന ക്രിയാവിശേഷണത്തിലെ ദ്വിരുക്തി, വളരെ മെല്ലെ എന്ന അർത്ഥത്തിലാണ്. നായികാസമാനയായ രജനിയുടെ അലസഗമനത്തെ ഇത് സൂചിപ്പിക്കുന്നു. കുലനാരിമാരുടെ മന്ദഗമനം പ്രസിദ്ധം.

**താരാഗണസഹിതാ** - നക്ഷത്രങ്ങളോടൊത്ത്. നക്ഷത്രശബ്ദം നപുംസകലിംഗമാണ്, താരാ ശബ്ദം സ്ത്രീലിംഗവും. രാത്രിയോടൊപ്പം അസ്തമിക്കുന്ന നക്ഷത്രങ്ങളെ, രജനി എന്ന നായികയുടെ സഖിമാരായി സങ്കല്പിക്കുകയാൽ താരാ എന്ന സ്ത്രീലിംഗപദം സ്വീകരിച്ചിരിക്കുന്നു. താരയതി താപാദ് ഇതി താരാ -എന്ന നിരുക്തമനുസരിച്ച് നായികയെ ദുഃഖങ്ങളിൽ നിന്നും കരകയറ്റുന്നവരാണ് സഖിമാർ എന്ന അർത്ഥത്തിലും താരാശബ്ദം യുക്തം തന്നെ.

**അഭ്യാഗച്ഛതി** - അഭി + ആഗച്ഛതി. അഭി എന്ന ഉപസർഗത്തിന് ആഭിമുഖ്യാർത്ഥം ഉള്ളതിനാൽ വക്താവിന്ന് അഭിമുഖമായി വരുന്നു എന്ന് അർത്ഥസിദ്ധി. കിഴക്കുദിയ്ക്കുന്ന പ്രഭാതസൂര്യൻ തനിക്ക് അഭിമുഖമായി വരുന്നു എന്നതിനാൽ വക്താവ്, കിഴക്കുദിക്കിലേക്ക് നോക്കിനില്ക്കുന്നുവെന്നും അതുവഴി, രാവിലെ കിഴക്കു നോക്കി ഉണരണമെന്ന ആചാരമര്യാദയും സൂചിപ്പിക്കപ്പെട്ടു.

**താപിതകനകാരുണകിരണഃ** - ചൂടാക്കിയ കനകംപോലെ അരുണവർണമുള്ള കിരണങ്ങളോടുകൂടിയവൻ. അരുണവർണ്ണത്തിന് ഈഷദ്രക്തവർണനെന്നും കറുപ്പുകലർന്ന രക്തവർണമെന്നും കുങ്കുമവർണമെന്നും സിന്ദൂരവർണമെന്നും ഒക്കെ അർത്ഥമുണ്ട്. അവ്യക്തരാഗസ്ത്വരുണഃ -എന്ന് അമരസിംഹൻ.

**നിദ്രാം ത്യക്ത്വാ സ്വകീയതല്പാത്**
**സമുത്ഥിതോസ്മ്യത്ര**

hariprasadvt1973@gmail.com 9446431656, 0497 2831656

## കരോമി പാദസ്മരണം പ്രഥമം ജഗതാമീശസ്യ

ഉറക്കം ഉപേക്ഷിച്ച് സ്വന്തം കിടക്കയിൽനിന്നും
ഞാൻ ഇവിടെ എഴുന്നൽക്കുന്നു
ആദ്യമായി ജഗദീശ്വരന്റെ പാദങ്ങളെ
ഞാൻ സ്മരിക്കുന്നു

അനന്തരം വക്താവ് തന്റെ തല്ക്കാലസ്ഥിതിയെ വ്യക്തമാക്കുന്നു.

**നിദ്രാം ത്യക്ത്വാ** - ഉറക്കത്തെ ഉപേക്ഷിച്ചിട്ട്. നിദ്രയെന്നത്, മനസ് ക്ഷീണിതമാകുന്ന അവസരത്തിൽ ഇന്ദ്രിയ ങ്ങളെ വിഷയങ്ങളിൽ നിന്ന് പിന്തിരിപ്പിച്ച നിർത്തുന്ന അവസ്ഥാവിശേഷമാകുന്നു. യദാ തു മനസി ക്ലാന്തേ കർമാത്മാനഃ ക്ലമാന്വിതഃ , വിഷയോഭ്യോ നിവർത്തന്തേ തദാ സ്വപിതി മാനവഃ -എന്ന് അഭിജ്ഞ വചനം. ഇവിടെ നിദ്രയെ ഉപേക്ഷിച്ച എന്നുപറയുകയാൽ മനസിനെ വിഷയങ്ങളിലേക്ക് വ്യാപരിപ്പിക്കുവാൻ ആരംഭിച്ച എന്ന് സൂചിതമായി.

**സ്വകീയതല്പം** - തന്റെ തന്നെയായ കിടക്ക, കട്ടിൽ മുതലായവ. ഗുരുതല്പാധിഗമനം പാപയുക്തമെന്ന് ശാസ്ത്രവിധിയുള്ളതിനാൽ സ്വകീയമെന്ന വിശേഷണം യുക്തം.

**സമുത്ഥിതഃ** - സം + ഉത്ഥിതഃ . സമ്യക്കാകുംവണ്ണമുള്ള ഉത്ഥാനം . വേണ്ടവണ്ണമുള്ള എഴുന്നേൽക്കൽ ആചാര വിധിയെ സൂചിക്കുന്നു. ഭോജനാനന്തരം വാമശായിയായി (ഇടതുവശം ചെരിഞ്ഞ് ) കിടക്കണമെന്നും എഴുന്നേൽ ക്കുമ്പോൾ ദക്ഷിണഭാഗം (വലതുവശംം) ചെരിഞ്ഞ് എഴുന്നേൽക്കണമെന്നും വിധി.

**പാദസ്മരണം** - ജഗദീശന്റെ പാദസ്മരണം ചെയ്യുന്നു എന്നതിലൂടെ നിദ്ര പൂർണമായും വിട്ടൊഴിഞ്ഞതായി സൂചിപ്പിക്കപ്പെട്ടു. നിദ്രയിൽ വിഷയങ്ങളിൽ നിന്ന് വ്യാവർത്തിതമായ മനസ്, വീണ്ടും പ്രവർത്തനക്ഷമമാകുകയും ഓർമ്മകളെ തികട്ടിക്കൊണ്ടുവരികയും ചെയ്യുന്നതിനാൽ മനസിന്റെ സുഖാവസ്ഥയും സൂചിതമായി.

## മാതാപിതരൗ മനസാ നത്വാ ബഹിരാഗച്ഛാമി പ്രഭാതസന്ധ്യാസുന്ദരദൃശ്യം നിതരാം പശ്യാമി

അമ്മയച്ഛന്മാരെ മനസാ നമിച്ച്
ഞാൻ പുറത്തേക്ക് വരുന്നു
പ്രഭാതസന്ധ്യയുടെ സുന്ദരദൃശ്യത്തെ
മതിവരുവോളം കാണുന്നു.

**മാതാപിതരൗ മനസാ നത്വാ** -അമ്മയച്ഛന്മാരെ മനസാ നമിച്ച്. ഇവിടെയൊരു പൂർവപക്ഷം - അമ്മയച്ഛന്മാരെ നേരിട്ട് നമിക്കുന്നതായി വർണ്ണിക്കുന്നതായിരുന്നില്ലേ മനസുകൊണ്ട് നമിക്കുന്നതിനേക്കാൾ ഉത്തമം?

അതിനു സമാധാനം - അമ്മയച്ഛന്മാർ എല്ലായ്പ്പോഴും സമീപത്തുണ്ടായിരിക്കണമെന്നില്ല . വീട്ടിൽ നിന്ന് മാറിത്താമസിക്കുന്നവരായാലും പിതാക്കന്മാർ ജീവിച്ചിരിപ്പില്ലാത്തവരായാലും അവർ പിതാക്കന്മാരെ നമിക്കുന്നില്ല അഥവാ നമിക്കേണ്ടതില്ല എന്ന അവ്യാപ്തിദോഷം വരാതിരിക്കാനാണ് അവരെ എവിടെയായാലും നിത്യം മനസാ നമിക്കുന്നതായി വർണിച്ചിരിക്കുന്നത്.

**പ്രഭാതസന്ധ്യാ** - രാവിലത്തെ സന്ധ്യാകാലം. കഴിഞ്ഞുപോകുന്ന പകലും വരുന്ന രാത്രിയും സംഗമിക്കുന്നത്

haripraşadvt1973@gmail.com 9446431656, 0497 2831656

സായം സന്ധ്യാ. പോകുന്ന രാത്രിയും വരുന്ന പകലും സന്ധിക്കുന്നത് പ്രഭാതസന്ധ്യാ. പൂർവാഹ്നവും അപരാഹ്നവും സന്ധിക്കുന്നത് മദ്ധ്യാഹ്നസന്ധ്യാ.

**സുന്ദരദൃശ്യം** - മനോഹരമായ കാഴ്ച . മനസിനെ അപഹരിക്കുന്ന രീതിയിലുള്ള രാത്രിയുടെ കറുപ്പും പ്രഭാതത്തിന്റെ വെളുപ്പും സൂര്യോദയത്തിന്റെ ഹേമരക്താരുണിമകളും കലർന്ന കാഴ്ച.

**നിതരാം പശ്യാമി** - മതിവരുവോളം കാണുന്നു. പ്രഭാതദൃശ്യം സുന്ദരമാണെന്ന് തിരിച്ചറിഞ്ഞതിനാലും വർണശബളിമകലർന്ന കാഴ്ചയെ മതിവരുവോളം അസ്വസ്ഥതയില്ലാതെ കാണാനാവുന്നു എന്നതിനാലും നേത്രേന്ദ്രിയം പ്രവർത്തനക്ഷമമാണെന്നും സൂചിതമായി.

**പിബന്തി മധുരം മധുപാഃ സമുദം**
**സുമാത് സുമം ഗത്വാ**
**കലാവികഃ സന്തുഷ്ട്യാ ഗായതി**
**പ്രഭാതഭൂപാളം**

പൂവിൽ നിന്നും പൂവിലേക്ക് മാറി
മധുപന്മാർ ആമോദപൂർവം മധുരം നുകരുന്നു
പൂങ്കോഴി സന്തുഷ്ടനായി
ഭൂപാളമാലപിക്കുന്നു

**മധുപാഃ** -മധുപാനംചെയ്യുന്നവർ, തേൻകുടിക്കുന്ന ഷട്പദങ്ങളെല്ലാം തന്നെ എന്നു സൂചിപ്പിക്കാൻ മധുപശബ്ദം പ്രയോഗിച്ചിരിക്കുന്നു.

**മധുരം പിബന്തി** - മധുരം നുകരുന്നു. പൂവിൽ നിന്നും മധു (തേൻ) കുടിക്കുന്നു എന്നു പറയാതെ മധുരം കുടിക്കുന്നു എന്ന് രസസൂചന നൽകുകയാൽ രസനേന്ദ്രിയം - നാവ്- രസത്തെ തിരിച്ചറിയാനാൻ പാകത്തിൽ പ്രവർത്തനസജ്ജമായെന്ന് സൂചിപ്പിക്കപ്പെട്ടു. മധുപശബ്ദത്തിലെ മധു കൊണ്ട്, നുകരുന്നത് മധുവാണെന്ന് ആദ്യമേ സൂചിതമായിരിക്കയാൽ വീണ്ടും മധുനുകരുന്നു എന്നു പറഞ്ഞുവെങ്കിലുണ്ടാകുമായിരുന്ന പുനരുക്തിദോഷവും മധുരം നുകരുന്നു എന്നതിനാൽ പരിഹരിക്കപ്പെട്ടു.

**കലാവികഃ** - പൂവൻ കോഴി. കലേന വികായതി - മധുരമായി കൂവുന്നു (പ്രഭാതത്തിൽ) എന്ന അർത്ഥത്തിലാണ് പൂവൻ കോഴിക്ക് കലാവികൻ എന്ന് പേരുണ്ടായത്. അതിനാൽ പ്രഭാതത്തിലെ കൂവലിനെ പ്രതിപാദിക്കുന്ന സന്ദർഭത്തിൽ പൂവൻകോഴിയെന്ന അർത്ഥത്തെ സൂചിപ്പിക്കാൻ കലാവികഃ എന്ന ശബ്ദം പ്രയോഗിക്കയാൽ ശയ്യാഗുണവും സിദ്ധമായി. പദാനാം അന്യോന്യമൈത്രീ ശയ്യേതി കഥ്യതേ.

**പ്രഭാതഭൂപാളം** - ഭൂപാളം പ്രഭാതരാഗമെന്ന് പ്രസിദ്ധം. അതിനാൽ പൂങ്കോഴിയുടെ പ്രഭാതത്തിലെ കൂവൽ ശബ്ദം ഭൂപാളരാഗത്തിലുള്ളതാണെന്ന് കവിവിവക്ഷ.
കോഴിക്കൂവുന്നത് കേൾക്കുകയാലും അത് ഭൂപാലരാഗത്തിലാണെന്ന് തിരിച്ചറിയുകയാലും വക്താവിന്റെ ശ്രുവണേന്ദ്രിയവും സ്വസ്ഥമാണെന്ന് സ്പഷ്ടമാക്കപ്പെട്ടു.

**വിഭാതപുഷ്പസുഗന്ധസമേതോ**
**വാതി ച മൃദുപവനഃ**
**പ്രശാന്തശീതളസമയോദ്യത്ര**
**ദദാമി മേ സൗഖ്യം**

പ്രഭാതപുഷ്പസുഗന്ധം വഹിക്കുന്ന
ഇളംകാറ്റ് വീശുന്നു

haripr asadvt1973@gmail.com 9446431656, 0497 2831656

ഏറ്റവും ശാന്തവും ശീതളവുമായ ഈ സമയം

എനിക്കിവിടെ സുഖം തരുന്നു.

**വിഭാതപുഷ്പസുഗന്ധസമേതഃ** - പ്രഭാതത്തിൽ വിരിഞ്ഞ പൂക്കളുടെ സുഗന്ധം പേറുന്ന കാറ്റ് എന്നതിനാൽ രാത്രിവിരിഞ്ഞ മുല്ല മുതലായ പൂവുകളുടെ നറുമണമോ രാത്രിയിൽ വിടർന്നുവാടിയ നിശാഗന്ധി മുതലായവയുടെ ദുർഗന്ധമോ ഇല്ലാത്ത കാറ്റാണെന്ന് തിരിച്ചറിയുന്നു. അതിനാൽ ഘ്രാണേന്ദ്രിയം - മൂക്ക് - ജലദോഷാദികളില്ലാതെ സ്വസ്ഥമാണെന്നും സൂചിതമായി.

**വാതി ച മൃദുപവനഃ** - ഇളം കാറ്റ് വീശുന്നു - കുളിരുളകുമിളംകാറ്റാണ് വീശിന്നതെന്ന് അറിയുന്നതിനാൽ സ്പർശേന്ദ്രിയം -ത്വക്ക്- സ്വസ്ഥമാണെന്നും സൂചിതമായി.

**ദദാമി മേ സൗഖ്യം** - ഇപ്രകാരം ശാന്തശീതളമായ പ്രഭാതം എനിക്ക് സൗഖ്യം തരുന്നു എന്ന് മേൽ പ്രത്യേകം പ്രത്യേകം സൂചിതമായ കാര്യങ്ങളെ ആവർത്തിച്ച് പറഞ്ഞ് കവിത അവസാനിക്കുന്നു.

**മനസ്, കണ്ണ്, നാവ്, ചെവി, മൂക്ക്, ത്വക്ക് എന്നീ ക്രമത്തിൽ ആറ് ഇന്ദ്രിയങ്ങളുടേയും സ്വസ്ഥാവസ്ഥയെ കാവ്യോചിതമായ വ്യംഗഭംഗിയിൽ യഥാക്രമം വിവരിക്കുന്ന വിഭാതം എന്ന കവിത, പാഠപുസ്തകത്തിലെ ഉദയസ്ഥാനത്തും, സ്വസ്ഥവൃത്തം എന്ന ഏകകത്തിലുമാണ് നല്കിയിരിക്കുന്നത് എന്നത് ഇപ്രകാരം ഔചിത്യപൂർണമായിരിക്കുന്നു.**

* * * * * *

**അരസികേഷു കവിത്വനിവേദനം**

**ശിരസി മാ ലിഖ, മാ ലിഖ, മാ ലിഖ**

**മഹാകവി പാടിയപോലെ, അരസികന്മാരുടെ മുന്നിൽ കവിതയുടെ അർത്ഥവിശദീകരണം നല്കേണ്ടിവരുന്ന ആ ഒരു ജോലിമാത്രം ഇനിയൊരിക്കൽ കൂടി എന്റെ തലയിലെഴുതരുതേ, എഴുതരുതേ, എഴുതരുതേ എന്ന് മൂന്നുവട്ടം ജഗദീശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട്...**

..... ..... .......